# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2016 — 14/07/2011-ൽ മറുപടിക്ക്

### ആദിവാസികളുടെ ഭൂമി നിസ്സാര വിലയ്ക്ക് തട്ടിയെടുത്ത സംഭവങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ആദിവാസികളിൽ നിന്ന് നിസ്സാര വിലയ്ക്കും വില കൊടുക്കാതെയും സ്വകാര്യ വ്യക്തികളും ചില കമ്പനികളും മുൻ കാലങ്ങളിൽ പട്ടയ ഭൂമി തട്ടിയെടുത്തതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ വർഷം ചില കമ്പനികളുടെ ഇത്തരം പ്രവർത്തനം അട്ടപ്പാടി മേഖലയിൽ ഉണ്ടായിട്ടുണ്ട്. ചിണ്ടക്കിയിലെ ടീ ടോപ്പ് റിസോർട്ട് നിർമ്മാണം, നല്ലശിങ്കയിൽ ന്യൂസിലോൺ കമ്പനിയുടെ കാറ്റാടി വൈദ്യുത പദ്ധതി തുടങ്ങിയവ ഇതിൽപ്പെടുന്നു. |
| ബി | ഇത്തരം സംഭവങ്ങൾ ഭാവിയിൽ തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; പട്ടയം നൽകുന്ന ഭൂമി നിയമവിധേയമായി വിൽപന നടത്താൻ ആദിവാസികൾക്ക് കഴിയുമോ ; | സ്വന്തം അവകാശങ്ങളെപ്പറ്റിയും നിയമ പരിരക്ഷയെപ്പറ്റിയും ആദിവാസി സമുദായത്തെ ബോധവൽക്കരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർ-ക്കെതിരായുള്ള അതിക്രമങ്ങൾ തടയൽ നിയമം ഫലപ്രദമായി നടപ്പാക്കിയും മറ്റ് നിയമങ്ങൾമൂലവും ഇവർക്ക് വേണ്ടത്ര പരിരക്ഷ നൽകിയും ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കുന്നത് തടയാൻ കഴിയുന്നതാണ്. ആദിവാസികൾക്ക് പട്ടയം നൽകുന്ന ഭൂമി നിയമവിധേയമായി വിൽപ്പന നടത്താൻ ആദിവാസികൾക്ക് കഴിയില്ല. |
| സി | എങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | ആദിവാസികൾക്ക് ഭൂമി പതിച്ച നൽകുന്നത് സംബന്ധിച്ച് സർക്കാർ വിശദമായ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. Kerala Assignment of Government Land to the Scheduled Tribes Rules, 2001 പ്രകാരം പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ഭൂമി കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല; പക്ഷെ പരമ്പരാഗതമായി പിൻഗാമികൾക്ക് ലഭിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ഭൂമി തട്ടിയെടുക്കുന്നവർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം, 1989 പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ